**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവസാനമായി ക്ഷാമബത്ത അനുവദിച്ചത് എന്നാണെന്നും നിലവിൽ പെൻഷൻകാർക്ക് എത്ര ഗഡു ഡി.ആർ. കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 08.02.2021-ലെ സ.ഉ (പി) നം.25/2021/ധന നമ്പർ ഉത്തരവ് പ്രകാരമാണ് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവസാനമായി ക്ഷാമബത്ത / ക്ഷാമാശ്വാസം അനുവദിച്ചത്. 01.01.2021 മുതലുള്ള ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (ബി) | ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ ലഭിക്കുന്ന ക്ഷാമബത്ത എത്ര ശതമാനമാണെന്നും കേന്ദ്ര ജീവനക്കാർക്ക് ലഭിക്കുന്നത് എത്ര ശതമാനമാണെന്നും അറിയിക്കാമോ; | (ബി) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏഴ് ശതമാനം ക്ഷാമബത്ത / ക്ഷാമാശ്വാസം ആണ് നിലവിൽ ലഭിക്കുന്നത്. കേന്ദ്ര ജീവനക്കാർക്ക് മുപ്പത്തിയെട്ട് ശതമാനം ക്ഷാമബത്തയാണ് നിലവിൽ ലഭിക്കുന്നത്. കേന്ദ്ര സർക്കാർ ഡി.എ. യും സംസ്ഥാന സർക്കാർ ഡി.എ. യും വ്യത്യസ്ത ഫോർമുല ഉപയോഗിച്ചാണ് 2014 മുതൽ കണക്കാക്കുന്നത്. |
| (സി) | വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ പെൻഷൻകാരുടെ ഡി.ആർ. കുടിശ്ശിക മുഴുവനായി അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും ഡി.എ/ഡി.ആർ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) | കുടിശ്ശിക ആയിരിക്കുന്ന ഡി.എ. കൂടി ചേർത്താൽ 01.07.2022-ൽ ഒരു ജീവനക്കാരന് ആകെ എത്ര ശതമാനം ക്ഷാമബത്തയാണ് ലഭിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 01.01.2021 മുതലുള്ള ഡി.എ. കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ